ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഡൽഹി കാർ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ വിയോഗത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി കേന്ദ്ര മന്ത്രിസഭ യോഗം; ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഇന്ത്യക്കെന്ന് ആവർത്തിച്ച് മന്ത്രിസഭ.
   Union Cabinet condemns the Delhi car explosion incident ; Reiterates unwavering commitment to policy of zero tolerance to terrorism in all forms and manifestations.

2. ഗ്ലോബൽ സൗത്ത് രാജ്യങ്ങൾക്കിടയിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ-ബോട്സ്വാന സഹകരണത്തിലൂടെ സാധിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   India-Botswana cooperation can strengthen ties between Global South countries, says President Droupadi Murmu.

3. ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ; വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കർശന സുരക്ഷ.
   Counting of votes for Bihar assembly elections to be held tomorrow; Tight security imposed at counting centres.

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പ്രസിദ്ധീകരിക്കും; നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ ഈ മാസം 21 വരെ അവസരം.

**Notification for local body elections in Kerala to be published tomorrow; Nominations can be filed till 21st of this month.**

5. **ഇന്ത്യയിലെ ക്ഷയരോഗികളുടെ എണ്ണം കഴിഞ്ഞ പത്തു വർഷത്തിനിടെ 21 ശതമാനം കുറഞ്ഞതായി ലോകാരോഗ്യ സംഘടന.**

   **India's total tuberculosis cases have reduced by 21 per cent over the last decade, says World Health Organization.**

6. **ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ കൊൽക്കത്തയിൽ ആരംഭിക്കും.**

   **The first match of the India-South Africa Test cricket series will begin in Kolkata tomorrow.**

## UNION CABINET(INTRO)

ഡൽഹി കാർ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ വിയോഗത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി കേന്ദ്ര മന്ത്രിസഭാ യോഗം. ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണാർത്ഥം മന്ത്രിസഭാ യോഗത്തിൽ രണ്ടു മിനിറ്റ് മൗനം ആചരിച്ചു. സംഭവത്തിൽ ഊർജിതമായ അന്വേഷണം പുരോഗമിക്കുകയാണെന്നും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടു വരുമെന്നും മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു. ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഇന്ത്യക്കുള്ളതെന്നും ജനങ്ങളുടെ സുരക്ഷയാണ് സർക്കാരിൻറെ പ്രഥമ പരിഗണനയെന്നും അദ്ദേഹം പറഞ്ഞു.

(അശ്വിനി വൈഷ്ണവ് വോയിസ്)

## UNION CABINET - 2

കയറ്റുമതി പ്രോത്സാഹന ദൗത്യത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. രാജ്യത്തിന്റെ കയറ്റുമതി മേഖലയെ ശക്തപ്പെടുത്തുന്നതിൻറെ ഭാഗമായിയാണ് ഇതെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## DELHI BLAST

ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുകയാണ്. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുയിടങ്ങൾ തുടങ്ങി എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. ചുവപ്പുകോട്ടയിലും ഇന്നും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല. ദേശീയ അന്വേഷണ ഏജൻസിയാണ് കേസ് അന്വേഷിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ BOTSWANA (INTRO)

നീതിയുക്തവും സുസ്ഥിരവുമായ ലോകം കെട്ടിപ്പടുക്കുന്നതിന് ഇന്ത്യയ്ക്കും ബോട്സ്വാനയ്ക്കും ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഈ പങ്കാളിത്തം ഗ്ലോബൽ സൗത്ത് രാജ്യങ്ങൾക്കിടയിലുള്ള സഹകരണം ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി പറഞ്ഞു. ബോട്സ്വാനയിൽ പ്രസിഡന്റ് ഡുമ ബോക്കോയുമായി നടത്തിയ ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാകുക എന്ന ലക്ഷ്യവും ആഫ്രിക്കൻ യൂണിയന്റെ അജണ്ട 2063 ലക്ഷ്യവും ഇന്ത്യ-ബോട്സ്വാന സഹകരണം ശക്തിപ്പെടുത്തുമെന്നും രാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ്)

ആരോഗ്യ സംരക്ഷണം, ഫാർമസ്യൂട്ടിക്കൽസ് മേഖലകളിലെ സഹകരണത്തെക്കുറിച്ചുള്ള ധാരണാപത്രത്തിലും ഇരുപക്ഷവും ഒപ്പുവച്ചു. അതിനിടെ ഇന്ത്യക്ക് എട്ട് ചീറ്റപ്പുലികളെ നൽകുമെന്ന് ബോട്സ്വാന പ്രസിഡന്റ് പ്രഖ്യാപിച്ചു. ഇന്ന് ബോട്സ്വാനയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സാന്നിധ്യത്തിൽ ചീറ്റകളുടെ കൈമാറ്റം നടക്കും.

## PARLIAMENT-COMMITTEE

2025 ലെ 130-ാം ഭരണഘടന ഭേദഗതി ബിൽ, ജമ്മു കശ്മീർ പുനഃസംഘടന (ഭേദഗതി) ബിൽ, കേന്ദ്രഭരണ പ്രദേശങ്ങളുടെ സർക്കാർ (ഭേദഗതി) ബിൽ എന്നിവ പരിശോധിക്കുന്നതിനുള്ള പാർലമെന്റിന്റെ സംയുക്ത സമിതി ചെയർപേഴ്സണായി ബി.ജെ.പി എം.പി അപരാജിത സാരംഗിയെ നിയമിച്ചു. മുപ്പത്തിയൊന്ന് അംഗങ്ങൾ ഉൾപ്പെട്ട സമിതിയിൽ ബി.ജെ.പി യിൽ നിന്ന് പതിനഞ്ച് എം.പിമാരും എൻ.ഡി.എ സഖ്യകക്ഷികളിൽ നിന്ന് പതിനൊന്ന് എം.പിമാരും പ്രതിപക്ഷത്ത് നിന്ന് നാല് എം.പിമാരും ഒരു നോമിനേറ്റഡ് അംഗവും ഉൾപ്പെടുന്നു.

## EC-SIR

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ രാജ്യത്താകെ 37 കോടി എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട ആകെ 51 കോടി വോട്ടർമാരുടെ 70 ശതമാനമാണിത്. ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ട വോട്ടർ പട്ടിക പരിഷ്കരണം നടക്കുന്നത്. അടുത്ത മാസം 4 വരെയാണ് രണ്ടാം ഘട്ടം. കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണം

ഒൻപത് ദിവസം പിന്നിട്ടപ്പോൾ 1 കോടി 52 ലക്ഷത്തി 84,874 പേർക്കാണ് ഫോം നൽകിയത്.

## LSGD

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ. മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ മുൻകൂർ അനുമതി ആവശ്യമായ സർക്കാർ ഫയലുകൾ പരിശോധിക്കുന്നതിന് സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## TB-INDIA

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയിലെ ആകെ ക്ഷയരോഗക്കേസുകളുടെ എണ്ണം 21 ശതമാനം കുറഞ്ഞതായി ലോകാരോഗ്യ സംഘടന. ഗ്ലോബൽ ടി.ബി റിപ്പോർട്ട് അനുസരിച്ച്, രാജ്യത്തെ ക്ഷയരോഗികളുടെ എണ്ണം ഒരു ലക്ഷത്തിൽ 237 ആയിരുന്നത് ഒരു ലക്ഷത്തിൽ 187 ആയ് കുറഞ്ഞു. ക്ഷയരോഗ ബാധിതരെ കണ്ടെത്തുന്നതിലും ചികിത്സ ലഭ്യമാക്കുന്നതിനും രാജ്യം വലിയ പുരോഗതി കൈവരിച്ചതായി കണക്കുകളെ ഉദ്ധരിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം പറഞ്ഞു.

## JAISHANKAR G-7 FMM

കാനഡയിലെ നയാഗ്രയിൽ നടക്കുന്ന ജി-7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര മന്ത്രി എസ്.ജയ്ശങ്കർ

പങ്കെടുത്തു. "ഊർജ സുരക്ഷയും നിർണായക ധാതുക്കളും സംബന്ധിച്ച് നടന്ന പ്രത്യേക ചർച്ചയിൽ അദ്ദേഹം പങ്കെടുത്തു. ആശ്രിതത്വം ലഘൂകരിക്കുന്നതിനും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ആവശ്യകതയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

## BIHAR- COUNTING (INTRO)

ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ നടക്കും. 38 ജില്ലകളിലായി 46 കേന്ദ്രങ്ങളിൽ രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഒരു റിപ്പോർട്ട്........

(വോയിസ്)

## ECI- NO REPOLL

ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ റീപോളിംഗ് നടത്താൻ ശുപാർശ ചെയ്തിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ഒരു പോളിംഗ് സ്റ്റേഷനിലും പൊരുത്തക്കേടുകളോ ക്രമക്കേടുകളോ കണ്ടെത്തിയില്ലെന്നും കമ്മീഷൻ വ്യക്തമാക്കി.

## RAIN KERALA

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

## VANDE MATARAM STORY

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. വന്ദേമാതരം എന്ന ശക്തമായ ആഹ്വാനം ജനങ്ങളുടെ ശബ്ദങ്ങളിൽ മാത്രമല്ല മുഴങ്ങിയത്, മറിച്ച്, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകങ്ങളിലും അത് പ്രതിഫലിച്ചു. ദേശീയ പതാകയുടെ ആദ്യകാല പതിപ്പുകളിൽ പലതിലും വന്ദേമാതരം ആലേഖനം ചെയ്തിരുന്നു.

## IND vs SA

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ആരംഭിക്കും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

## OLYMPICS LA28 SCHEDULE

2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ സമ്പൂർണ മത്സര ക്രമം പുറത്തിറക്കി. ലോസ് ഏഞ്ചൽസിലും ഒക്ലഹോമ സിറ്റിയിലുമായി 49 വേദികളിൽ 36 കായിക ഇനങ്ങൾ നടക്കും. ഒരു നൂറ്റാണ്ടിനു ശേഷം ക്രിക്കറ്റ്, ഒളിമ്പിക് നിരയിൽ വീണ്ടും എത്തുന്നു എന്നതാണ് ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ പ്രത്യേകത. ഉദ്ഘാടനചടങ്ങ് ജൂലൈ 14 നും സമാപന ചടങ്ങ് ജൂലൈ 30 ന് നടക്കും.

## <u>CHESS – FIDE WORLD CUP</u>

ഗോവയിൽ നടക്കുന്ന FIDE ചെസ് ലോകകപ്പ് റൗണ്ട്-4 ടൈ-ബ്രേക്കറിൽ ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസി, ആർ പ്രഗ്നാനന്ദ, പെന്റല ഹരികൃഷ്ണ എന്നിവർ മാറ്റുരയ്ക്കും. ഉച്ചകഴിഞ്ഞ് 3 മണിക്കാണ് മത്സരം. നേരത്തെ, അർജുൻ എറിഗൈസി ഹംഗറിയുടെ പീറ്റർ ലെക്കോയ്ക്കെതിരെയും പ്രഗ്നാനന്ദ റഷ്യയുടെ ഡാനിൽ ഡുബോവിനെതിരെയുമുള്ള മത്സരങ്ങളിൽ സമനില വഴങ്ങിയിരുന്നു.